# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2064 — 06.02.2019-ൽ മറുപടിയ്ക്ക്

## വിവരാവകാശ കമ്മീഷൻ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുള്ള | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന വിവരാവകാശ കമ്മീഷന് മുന്നിൽ കെട്ടിക്കിടക്കുന്നത് പതിനാലായിരത്തോളം അപേക്ഷകളാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | വിവരാവകാശ നിയമത്തിന് സംസ്ഥാന സർക്കാർ തന്നെ തടസ്സം സൃഷ്ടിക്കുന്ന സാഹചര്യം നിലവിലുണ്ടോ; | (ബി) | ഇല്ല |
| (സി) | നിലവിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ കുറഞ്ഞത് അഞ്ചുവർഷമെങ്കിലും വേണ്ടി വരുമോ;വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ വർഷങ്ങളിൽ കമ്മീഷൻ പലപ്പോഴും ഒന്നോ, രണ്ടോ കമ്മീഷണർമാരായി പ്രവർത്തിച്ചതിനാലാണ് ഇത്രയധികം അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടന്ന സാഹചര്യം ഉണ്ടായത്. പുതുതായി 4 വിവരാവകാശ കമ്മീഷണർമാർ ചുമതലയേറ്റ സാഹചര്യത്തിൽ കെട്ടിക്കിടക്കുന്ന അപ്പീലുകൾ, പരാതികൾ, അപേക്ഷകൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വിവരാവകാശ കമ്മീഷന്റെ നടത്തിപ്പിനായി ഒരു മാസം എത്ര തുകയാണ് സർക്കാർ ചെലവിടുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ഡി) | വിവരാവകാശ കമ്മീഷന്റെ പ്രവർത്തിനത്തിനായി നടപ്പ സാമ്പത്തിക വർഷം 36,688,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു മാസം ശരാശരി 30,57,333.33/- രൂപ കമ്മീഷൻ ചെലവിടുന്നുണ്ട് |

| | | | |
|---|---|---|---|
| (ഇ) | ഇന്ത്യൻ ജനാധിപത്യത്തിന്റെ നിശബ്ദ വിപ്ലവമെന്ന് ലോകം വിശേഷിപ്പിച്ച വിവരാവകാശ നിയമത്തിന്റെ അന്തസ്സ് സംസ്ഥാനത്ത് നിലനിർത്തുന്നതിന് വേണ്ടി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ ? | (ഇ) | വിവരാവകാശ നിയമത്തിൽ പരാമർശിച്ചിരിക്കുന്ന എല്ലാ ചട്ടങ്ങളും, കൂടാതെ കാലാകാലങ്ങളിൽ ടി നിയമത്തിൽ വരുന്ന ഭേദഗതികളും കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ പൊതു അധികാരികൾക്കും സർക്കാർ നൽകുന്നുണ്ട്. വിവരാവകാശ നിയമത്തെക്കുറിച്ച് പൊതുജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവരാവകാശ നിയമങ്ങളെ സംബന്ധിച്ച കൈപ്പുസ്തകത്തിന്റെ പുതുക്കിയ പതിപ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. കമ്മീഷനിൽ ഒഴിവുവന്ന കമ്മീഷണർമാരുടെ ഒഴിവുകൾ നികത്തി കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ